# ഹരിത നിയമസഭാ തിരഞ്ഞെടുപ്പ് 2026

## ഹരിതചട്ടപാലനം സംശയങ്ങളും മറുപടികളും



**ഹരിത നിയമസഭാ തിരഞ്ഞെടുപ്പ് – 2026**
**ഹരിത ചട്ടപാലനം സംശയങ്ങളും മറുപടികളും**
കൈപ്പുസ്തകം

തയ്യാറാക്കിയത്
**മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, കേരളം**

**തദ്ദേശ സ്വയംഭരണ വകുപ്പ് & ശുചിത്വ മിഷൻ ടീമിന്റെ സഹകരണത്തോടെ**

പ്രസിദ്ധീകരണം
**മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, കേരളം**
**ശുചിത്വ മിഷന്റെ സഹകരണത്തോടെ**

**സൗജന്യ വിതരണത്തിന്**
**മാർച്ച് 2026**



**Dr. RATHAN U KELKAR IAS**
Secretary to Government &
Chief Electoral Officer, Kerala

**സന്ദേശം**

16. 03. 2026

ഏപ്രിൽ 9ന് കേരളത്തിലെ 140 നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടക്കുകയാണ്. സംസ്ഥാനത്തിന്റെ മഹത്തായ ജനാധിപത്യപാരമ്പര്യത്തിനൊപ്പം, 100% പ്രകൃതി സൗഹൃദമായ രീതിയിൽ തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കി പരിസ്ഥിതി സംരക്ഷണത്തിൽ ഒരു പുതിയ അധ്യായം എഴുതാൻ നാമേവരും പ്രതിജ്ഞാബദ്ധരാണ്. സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിൽപ്പെട്ടവരുടെയും സഹകരണത്തോടെ ഈ ലക്ഷ്യം കൈവരിക്കാൻ നമുക്ക് കഴിയുമെന്നതിൽ എനിക്ക് പൂർണ വിശ്വാസമുണ്ട്. ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കിക്കൊണ്ട് തിരഞ്ഞെടുപ്പ് പ്രക്രിയ പരിസ്ഥിതി സൗഹൃദമാക്കാനുള്ള ഈ ശ്രമത്തിൽ രാഷ്ട്രീയ പാർട്ടികളുടേയും പൊതുജനങ്ങളുടേയും സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു.

ഗ്രീൻ പ്രോട്ടോക്കോൾ സംബന്ധിയായി ഉയർന്നു വരാനിടയുള്ള സംശയങ്ങൾ ദൂരീകരിക്കുക എന്ന ലക്ഷ്യത്തോടെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം, ശുചിത്വ മിഷന്റെ സഹകരണത്തോടെ തയ്യാറാക്കിയ കൈപ്പുസ്തകം നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നതിൽ ഞാൻ ഏറെ സന്തോഷിക്കുന്നു. ഈ കൈപ്പുസ്തകത്തിൽ വിഭാവനം ചെയ്ത രീതിയിൽ പൂർണ്ണമായും ഹരിത പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് വിജയകരമായി തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കി വീണ്ടും ഒരിക്കൽക്കൂടി രാജ്യത്തിന് മാതൃകയാവാൻ നമുക്കൊരുമിച്ച് പരിശ്രമിക്കാം. ““വോട്ട് ചെയ്യുന്നതോടൊപ്പം ഭൗമസംരക്ഷണവും’ എന്നതാവട്ടെ നമ്മുടെ സന്ദേശം.

ആശംസകളോടെ

ഡോ. രത്തൻ യു. കേൽക്കർ
മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ
കേരളം

# ഹരിത നിയമസഭാ തിരഞ്ഞെടുപ്പ് – 2026
# ഹരിത ചട്ടപാലനം സംശയങ്ങളും മറുപടികളും

പരിസ്ഥിതി സൗഹൃദ ജീവിതത്തിന്റെ ആവശ്യകത ഏറെ മുമ്പേ തന്നെ തിരിച്ചറിഞ്ഞ മലയാളി സമൂഹം സാമൂഹിക ജീവിതത്തിന്റെ വിവിധ മേഖലകളിൽ ഈ തിരിച്ചറിവിന് പ്രായോഗിക രൂപം നല്കാൻ ശ്രമിച്ചിട്ടുണ്ട്. ഉത്സവങ്ങളിലും ആഘോഷങ്ങളിലും മാത്രമല്ല തിരഞ്ഞെടുപ്പ് വേളകളിലും ഹരിത പ്രോട്ടോക്കോൾ ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞ കുറച്ചു വർഷങ്ങളായി നാം ശ്രമിച്ചു വരികയാണ്. കാര്യക്ഷമമായ ഇടപെടലുകളിലൂടെ ഈ അവസരങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കാനും നമ്മുടെ പൊതുസ്ഥലങ്ങളും ജലാശയങ്ങളും മലിനമാകുന്നത് ഒരതിരുവരെയെങ്കിലും തടയാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്.

നമ്മുടെ സംസ്ഥാനത്തെ പൂർണമായും മാലിന്യമുക്തമാക്കുകയെന്ന ഉദ്ദേശത്തോടുകൂടി മാലിന്യമുക്തം നവകേരളം എന്ന പേരിൽ ഒരു ബൃഹത്തായ ക്യാമ്പയിൻ നടപ്പിലാക്കി വരികയാണ്. ഈ ഒരു സവിശേഷ സാഹചര്യത്തിലാണ് കേരള നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാൻ പോകുന്നത്. അതുകൊണ്ടുതന്നെ ഈ തിരഞ്ഞെടുപ്പ് പൂർണമായും ഹരിത പ്രോട്ടോക്കോൾ പാലിച്ചു കൊണ്ടാണ് നടത്തുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടത് നമ്മളോരോരുത്തരുടെയും ചുമതലയാണ്.

ബഹു.കേരളാ ഹൈക്കോടതിയുടെ ഉത്തരവുകൾ, മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസ റുടെ മാർഗനിർദേശങ്ങൾ, സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച വിവിധ ഉത്തരവുകൾ എന്നിവ പ്രകാരം തിരഞ്ഞെടുപ്പുകളുടെ നടത്തിപ്പിനും പ്രചാരണ പ്രവർത്തനങ്ങൾക്കും പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രമേ ഉപയോഗിക്കാവൂ എന്ന് നിർദേശിച്ചിട്ടുണ്ട്. WP(C)7193/19, WP(C)22750/2018 കേസുകളിൽ ബഹു: കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവുകൾ അനുസരിച്ച് തിരഞ്ഞെടുപ്പ് വേളയിൽ പൊതുസ്ഥലങ്ങളിൽ പി.വി.സി ഫ്ളക്സ് ഉൾപ്പെടെയുള്ള നിരോധിത വസ്തുക്കൾ അടങ്ങുന്ന പ്രചാരണ സമഗ്രികൾ ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ഇത് സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികൾക്കും, തിരഞ്ഞെടുപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ഉണ്ടാവാനിടയുള്ള സംശയങ്ങൾ ദൂരീകരിച്ച് പ്രസ്തുത ഉത്തരവുകൾ പൂർണമായി നടപ്പിലാക്കാൻ ആവശ്യമായ സാഹചര്യം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടു കൂടിയാണ് ഈ കൈപ്പുസ്തകം പ്രസിദ്ധീകരിക്കുന്നത്.




## എന്താണ് ഹരിത തിരഞ്ഞെടുപ്പ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്?

തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളുടെ അളവ് പരമാവധി കുറക്കുകയും കഴിയുന്നിടത്തോളം തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രകൃതി സൗഹൃദ സാധന സാമഗ്രികൾ മാത്രം ഉപയോഗിക്കുകയും ചെയ്യുന്ന രീതിയിലുള്ള തിരഞ്ഞെടുപ്പിനെയാണ് ഹരിത തിരഞ്ഞെടുപ്പ് എന്ന

വാക്ക് കൊണ്ട് ഉദ്ദേശിക്കുന്നത്. നിയമസഭാ തിരഞ്ഞെടുപ്പ് ഈ ഒരു രീതിയിൽ സംഘടിപ്പിക്കുന്നതിന് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും സ്ഥാനാർഥികളും തുടങ്ങി സമ്മതിദായകരും അല്ലാത്തവരുമായ പൊതുജനങ്ങളടക്കം തിരഞ്ഞെടുപ്പ് പ്രക്രിയയുമായി ബന്ധപ്പെടുന്ന മുഴുവൻ പേരുടെയും സഹകരണം ആവശ്യമാണ്.

## തിരഞ്ഞെടുപ്പ് വേള, മാലിന്യ നിർമാർജന വിഷയത്തിൽ വെല്ലുവിളികൾ ഉയർത്തുന്നത് എങ്ങനെയെല്ലാമാണ്?



140 നിയോജക മണ്ഡലങ്ങളിലായി കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള 30,471 പോളിംഗ് ബൂത്തുകളിലായാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. പ്രമുഖ മുന്നണികളെല്ലാം തന്നെ വീറോടും വാശിയോടും കൂടി രണ്ടര കോടിയോളം വരുന്ന വോട്ടർമാരിലേക്ക് തങ്ങളുടെ സന്ദേശങ്ങൾ എത്തിക്കാനും അവരെ പോളിംഗ് ബൂത്തുകളിലേക്ക് എത്തിക്കാനുമായി തങ്ങളാൽ സാധ്യമായ എല്ലാ പ്രയത്നങ്ങളും നടത്തും. ഈ തിരഞ്ഞെടുപ്പിൽ പ്രചാരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന സാമഗ്രികളും പ്രചാരണ രംഗത്തുള്ളവർ ഭക്ഷണ കുടിവെള്ള ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന (ഒറ്റത്തവണ മാത്രം ഉപയോഗിക്കാൻ കഴിയുന്ന) ജൈവ-അജൈവ സ്വഭാവമുള്ള പ്ലേറ്റുകളും കപ്പുകളും കുപ്പികളും ഭക്ഷണാവശിഷ്ടങ്ങളും ചേർന്ന് എത്ര വലിയ മാലിന്യ നിക്ഷേപമാണ് സൃഷ്ടിക്കപ്പെടുന്നതെന്ന് ആലോചിച്ചു നോക്കൂ. തിരഞ്ഞെടുപ്പ് ദിവസം തിരഞ്ഞെടുപ്പ് കേന്ദ്രങ്ങളിലും പരിസര പ്രദേശങ്ങളിലും സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങൾ ഇതിനും പുറമെയാണ്. സംസ്ഥാനമൊട്ടാകെ 6000 ടണ്ണിൽ കൂടുതൽ മാലിന്യം ഈ തിരഞ്ഞെടുപ്പിന്റെ ഭാഗമായി സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങളുടെ അളവ് കാര്യക്ഷമമായ ഇടപെടലുകളിലൂടെ കുറക്കുകയും അവശേഷിക്കുന്ന മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കുകയും വഴി അവ നമ്മുടെ മണ്ണും ജലസമ്പത്തും മലിനമാക്കുന്നതിനെ എങ്ങനെ തടയാമെന്ന് നമുക്ക് നോക്കാം.

| തിരഞ്ഞെടുപ്പിൽ രൂപപ്പെടാൻ സാധ്യതയുള്ള ഏകദേശ അജൈവ മാലിന്യത്തിന്റെ അളവ് | |
|---|---|
| തിരഞ്ഞെടുപ്പ് നടക്കുന്ന ആകെ നിയോജക മണ്ഡലങ്ങളുടെ എണ്ണം | 140 |
| പ്രതീക്ഷിത സ്ഥാനാർത്ഥികളുടെ എണ്ണം | 2,100 |
| പ്ലാസ്റ്റിക് ഉത്പന്നങ്ങളും ഡിസ്പോസിബിൾ വസ്തുക്കളും ഉപയോഗിച്ചാൽ രൂപപ്പെടാൻ സാധ്യതയുള്ള മാലിന്യത്തിന്റെ ഏകദേശ അളവ് | ബാനറുകൾ, ഹോർഡിംഗ്ഗുകൾ - ഏകദേശം 2,150 ടൺ |
| | കൊടിതോരണങ്ങൾ - 980 ടൺ |
| | പ്ലാസ്റ്റിക് കുപ്പികൾ - 1,426 ടൺ |
| | ഡിസ്പോസിബിൾ കപ്പുകൾ, പാത്രങ്ങൾ, |
| | നിരോധിത പ്ലാസ്റ്റിക് കവറുകൾ, |
| | ഉത്പന്നങ്ങൾ - 1,416 ടൺ |
| ആകെ | 5,972 ടൺ |



## ഏതൊക്കെ തരത്തിലുള്ള ബോർഡുകളും ബാനറുകളും ഉപയോഗിക്കാം?

പി.വി.സി ഫ്ളക്സ് ബോർഡുകളും ബാനറുകളും കൂടാതെ കണ്ടാൽ തുണിയോട് സാമ്യമുള്ള പോളി കോട്ടൺ, നോൺ വുവൻ പോളിപ്രൊപ്പലീൻ, കൊറിയൻ തുണികൾകൊണ്ടുള്ള ബോർഡുകളും ബാനറുകളും നിരോധിക്കപ്പെട്ടതാണ്. ഇവ റിസൈക്കിൾ ചെയ്യാൻ പറ്റാത്തത് കൊണ്ടും നമ്മുടെ പ്രകൃതിയെ ഗുരുതരമായി ബാധിക്കുന്നത് കൊണ്ടുമാണ് അങ്ങനെ ചെയ്തിട്ടുള്ളത്.

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അംഗീകരിച്ച 100% കോട്ടൺ തുണി അല്ലെങ്കിൽ കോട്ടൺ തുണിയും പേപ്പറും ചേർത്ത് നിർമ്മിക്കുന്ന വസ്തുവിൽ പ്രിന്റ് ചെയ്യപ്പെടുന്ന ബോർഡുകളും ബാനറുകളും. കൂടാതെ പനമ്പായ, പുൽപ്പായ, ഓല, ഈറ, മുള, പാള തുടങ്ങിയ പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചും ആകർഷകങ്ങളായ പ്രചാരണ സാമഗ്രികൾ തയാറാക്കാൻ കഴിയും. പ്രചാരണത്തിന് കഴിയുന്നത്ര ഡിജിറ്റൽ സാധ്യതകളും ഉപയോഗിക്കണം. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അംഗീകരിച്ചിട്ടുള്ളതും റീസൈക്കിൾ ചെയ്യാൻ പറ്റുന്നതുമായ പോളി എത്തിലിൻ ഷീറ്റുകൾ നിരോധിത പിവിസി ഫ്ളക്സിന് പകരം ഉപയോഗിക്കാവുന്നതാണ്.

## കൊടി തോരണങ്ങൾ എങ്ങിനെയുള്ളവ ആയിരിക്കണം?



കൊടികളും തോരണങ്ങളും തുണിയിലോ പേപ്പറിലോ നിർമിക്കാം. ഒരു സാഹചര്യത്തിലും പ്ലാസ്റ്റിക് കലർന്ന തുണി ഉപയോഗിക്കാതെയിരിക്കാം. തോരണങ്ങൾ പേപ്പറിലോ കോട്ടൺ തുണിയിലോ മാത്രം മതിയെന്ന് വയ്ക്കാം. നോൺ വുവൻ പോളിപ്രൊപ്പലീൻ കൊണ്ടുള്ള കൊടിതോരണങ്ങൾ പൂർണമായും ഒഴിവാക്കേണ്ടതാണ്.



## പ്രചാരണ സമയത്ത് ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കുടിവെള്ള ബോട്ടിലുകൾക്ക് പകരം എന്ത് സംവിധാനമാണ് ഒരുക്കാൻ കഴിയുക?

പ്രചാരണ സമയത്ത് സ്ഥാനാർഥിയും മറ്റ് സഹപ്രവർത്തകരും കയ്യിൽ സ്റ്റീൽബോട്ടിലുകൾ കരുതുകയാണെങ്കിൽ പ്ലാസ്റ്റിക് കുടിവെള്ള ബോട്ടിലുകൾ ഒഴിവാക്കാൻ കഴിയും. പ്രചാരണ വാഹനങ്ങളിൽ വാട്ടർ ഡിസ്പെൻസറുകളും സ്റ്റീൽ കപ്പുകളും കരുതിയും പ്ലാസ്റ്റിക് കുടിവെള്ള ബോട്ടിലുകൾ ഒഴിവാക്കാം.

## പ്രചാരണ വാഹനങ്ങൾ ഒരുക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം?



വാഹനങ്ങൾ അലങ്കരിക്കുന്നതിന് പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിക്കാൻ ശ്രദ്ധിക്കണം. പി.വി.സി ഫ്ളക്സും പ്ലാസ്റ്റിക്കും തെർമോക്കോളും ഉൾപ്പെടെയുള്ളസാധനങ്ങൾ പൂർണമായും ഒഴിവാക്കി കോട്ടൺ തുണിയും പേപ്പറും പോലെയുള്ള പ്രകൃതി സൗഹൃദ വസ്തുക്കൾ, അംഗീകൃത പോളി എത്തിലീൻ എന്നിവ മാത്രം ഉപയോഗിച്ച് വാഹനങ്ങൾ അലങ്കരിക്കാം.



## സ്ഥാനാർഥികളുടെ സ്വീകരണ പരിപാടികളും മറ്റും എങ്ങനെ പ്രകൃതി സൗഹൃദമാക്കാം?

സ്ഥാനാർഥികളെ സ്വീകരിക്കാൻ വേണ്ടി അണിയിക്കുന്ന ഹാരങ്ങളും മറ്റും പൂർണമായും പ്ലാസ്റ്റിക് മുക്തമാക്കാം. പകരമായി പൂക്കൾ ഉപയോഗിച്ച് ഉണ്ടാക്കിയ ഹാരങ്ങൾ, കോട്ടൺ റിബ്ബൺ ഹാരങ്ങൾ, കോട്ടൺ ഷാളുകൾ തുടങ്ങിയവ ഉപയോഗിക്കാം. ഉപഹാരങ്ങളായി പുസ്തകങ്ങളും സ്റ്റീൽ വാട്ടർ ബോട്ടിലുകളും പഴക്കൂടകളും നൽകാവുന്നതാണ്.

## ഭക്ഷണ സമയത്ത് എന്തൊക്കെ ശ്രദ്ധിക്കണം?



പ്ലാസ്റ്റിക്കിലും തെർമോക്കോളിലും ഉള്ള പാർസൽ പാക്കിങ്ങുകളിൽ ഭക്ഷണം വരുത്തരുത്. പേപ്പർ/പ്ലാസ്റ്റിക്/ തെർമോക്കോൾ എന്നിവയിൽ നിർമിതമായ ഡിസ്പോസിബൾ കപ്പുകൾ/പ്ലേറ്റുകൾ തുടങ്ങിയവ ഒഴിവാക്കി പകരം സ്റ്റീൽ പ്ലേറ്റുകൾ സ്റ്റീൽ/ചില്ല് ഗ്ലാസുകൾ എന്നിവ ഉപയോഗിക്കാം. തിരഞ്ഞെടുപ്പ് ഓഫീസുകളിൽ ഇതിനാവശ്യമായ പ്ലേറ്റുകളും ഗ്ലാസുകളും കരുതി വെയ്ക്കാം. ഇങ്ങനെ ചെയ്യുന്നതിലൂടെ തന്നെ ടൺ കണക്കിന് മാലിന്യം ഉണ്ടാവുന്നത് നമുക്ക് തടയാൻ പറ്റും.



## മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കാൻ തിരഞ്ഞെടുപ്പ് എങ്ങിനെ ഒരവസരമാക്കാം?

തിരഞ്ഞെടുപ്പിന്റെ ഭാഗമായി തയാറാക്കുന്ന നോട്ടീസുകളിലും പോസ്റ്ററുകളിലും ഗ്രീൻപ്രോട്ടോകോൾ സന്ദേശങ്ങൾ പ്രദർശിപ്പിക്കാം. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ലോഗോ കൂടി പ്രദർശിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## ആർച്ചുകൾ തയാറാക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം?



ആർച്ചുകളിൽ പ്രകൃതി സൗഹൃദമല്ലാത്ത വസ്തുക്കൾ ഉപയോഗിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. ആർച്ചുകൾ ഉണ്ടാക്കുന്നത് സ്റ്റീൽ/ ഇരുമ്പ്/ അലൂമിനിയം/ തടി ഫ്രെയിമുകളും തുണിയും ഉപയോഗിച്ചാണെങ്കിലും ഇവയിൽ തെർമൊക്കോൾ അക്ഷരങ്ങൾ പിടിപ്പിക്കുന്നത് അനുവദനീയമല്ല. പകരം കോട്ടൺ തുണിയിലോ പേപ്പറിലോ എഴുതിയ സന്ദേശങ്ങൾ പ്രദർശിപ്പിക്കണം.



## വോട്ടെടുപ്പിന് ശേഷം?

ബോർഡുകളും കൊടിതോരണങ്ങളും മറ്റ് പ്രചാരണ സാമഗ്രികളും സ്ഥാപിച്ചവർ തന്നെ അഴിച്ചുമാറ്റി തരം തിരിച്ച് ഹരിത കർമ സേനക്ക് യൂസർഫീ സഹിതം നൽകി അവയുടെ ശാസ്ത്രീയമായ സംസ്കരണം ഉറപ്പാക്കണം.

### പോളിങ് ബൂത്തുകൾ ഒരുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കുടിവെള്ള ഡിസ്പെൻസറുകൾ തയാറാക്കി വെയ്ക്കുക, വെള്ളമെടുത്ത് കുടിക്കാൻ സ്റ്റീൽ/കുപ്പി ഗ്ലാസുകൾ ഒരുക്കുക.

- ❖ മാലിന്യം തരംതിരിച്ചു നിക്ഷേപിക്കാൻ ബിന്നുകൾ സ്ഥാപിക്കുക.
- ❖ മാലിന്യം നീക്കം ചെയ്യാൻ ഹരിത കർമ സേനയുമായി കരാറിൽ ഏർപ്പെടുക
- ❖ പോളിങ് ഉദ്യോഗസ്ഥർക്കുള്ള ഭക്ഷണം പ്ലാസ്റ്റിക് കണ്ടയിനറുകളിലോ സഞ്ചികളിലോ വിതരണം ചെയ്യാതിരിക്കുക.
- ❖ ബൂത്തുകളിൽ ഭക്ഷണം കഴിക്കാൻ ഡിസ്പോസിബിൾ ഗ്ലാസുകളും പ്ലേറ്റുകളും ഉപയോഗിക്കാതിരിക്കുക.

### തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസുകൾ / ബൂത്തുകൾക്കു മുന്നിലെ കൗണ്ടറുകൾ ഒരുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ❖ അലങ്കരിക്കാൻ പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കാതിരിക്കാം.
- ❖ മാലിന്യം തരംതിരിച്ചു നിക്ഷേപിക്കാൻ ബിന്നുകൾ സ്ഥാപിക്കുക
- ❖ മാലിന്യം നീക്കം ചെയ്യാൻ ഹരിത കർമ സേനയുമായി കരാറിൽ ഏർപ്പെടുക
- ❖ ഭക്ഷണം പ്ലാസ്റ്റിക് കണ്ടയിനറുകളിലൊ സഞ്ചികളിലോ വിതരണം ചെയ്യാതിരിക്കുക.
- ❖ ഭക്ഷണം കഴിക്കാൻ ഡിസ്പോസിബൾ ഗ്ലാസുകളും പ്ലേറ്റുകളും ഉപയോഗിക്കാതിരിക്കുക.



"ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ എന്റെ നിയോജക മണ്ഡലത്തിലെ തെരുവുകളും ഓടകളും വൃത്തിയായി സംരക്ഷിക്കുന്നുണ്ട് എന്ന് ഉറപ്പാക്കും"

## നിയമ നടപടികൾ

**പൊതു/സ്വകാര്യ സ്ഥലങ്ങളിലേക്ക് മാലിന്യം വലിച്ചെറിയുന്നത്:** കേരള പഞ്ചായത്ത് രാജ് ആക്ട് (219 എൻ)/മുനിസിപ്പാലിറ്റി ആക്ട് (340) പ്രകാരം 5000 രൂപ വരെ സ്പോട്ട് ഫൈൻ.

**മാലിന്യം വേർതിരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ അംഗീകൃത ഏജൻസിക്കോ കൈമാറാതിരിക്കുന്നത്:** കേരള പഞ്ചായത്ത് രാജ് ആക്ട് (219 എസി)/മുനിസിപ്പാലിറ്റി ആക്ട് (326 സി) പ്രകാരം ആയിരം രൂപയിൽ കുറയാത്തതും പതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ

**മാലിന്യമോ, ചവറോ, വിസർജ്യവസ്തുക്കളോ ജലാശയങ്ങളിലും, ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നത് :** കേരള പഞ്ചായത്ത് രാജ് ആക്ട് (219 എസ്)/മുനിസിപ്പാലിറ്റി ആക്ട് (340 എ) പ്രകാരം ആറു മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള തടവും പതിനായിരം രൂപയിൽ കുറയാതെയും അമ്പതിനായിരം രൂപയിൽ കവിയാതെയുമുള്ള പിഴയും

**ഒറ്റ തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നത് –** പരിസ്ഥിതി നിയമ പ്രകാരം 10,000 മുതൽ 50,000 വരെ പിഴ ചുമത്തൽ

# ഗ്രീൻ പ്രോട്ടോകോൾ പൊതുതത്വം

| ഒഴിവാക്കേണ്ടത് | ഉപയോഗിക്കാവുന്നത് |
|---|---|
| എല്ലാത്തരം ഡിസ്പോസബിൾ വസ്തുക്കളും പ്ലാസ്റ്റിക് കുപ്പിവെള്ളവും (പ്ലാസ്റ്റിക് കോട്ടിംഗ് ഉള്ള പേപ്പർ കപ്പ്, പ്ലെയ്റ്റുകൾ. പ്ലാസ്റ്റിക്/തെർമോകോൾ കപ്പുകൾ, പാത്രങ്ങൾ എന്നിവയുൾപ്പെടെ) | വാട്ടർ ക്യാനുകൾ, സ്റ്റീൽ കുപ്പികൾ, സ്റ്റീൽ/ചില്ല് ഗ്ലാസ്സുകൾ, സ്റ്റീൽ/സിറാമിക് പ്ലെയിറ്റുകൾ. |
| നിരോധിത പ്ലാസ്റ്റിക് വസ്തുക്കളടങ്ങുന്ന എല്ലാത്തരം ബാനറുകൾ, ബോർഡുകൾ, ഹോർഡിംഗുകൾ | പേപ്പർ, ചണം, തടി, ലോഹം, മുള, ഈറ, പനമ്പായ, പാള, മുതലായവയിൽ നിർമ്മിതമായ ബോർഡുകൾ/ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അംഗീകരിച്ച റീസൈക്ലബിൾ പോളിഎത്തിലീൻ/ 100% കോട്ടൺ തുണി. |
| പ്ലാസ്റ്റിക് കൊടികൾ, തോരണങ്ങൾ, തെർമോകോൾ ഉപയോഗിച്ചുള്ള ആർച്ചുകൾ | പേപ്പർ തോരണങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അംഗീകരിച്ച പോളിഎത്തിലിൻ ഷീറ്റുകൾ 100% കോട്ടൺ തുണി. |
| പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ ആഹാര വസ്തുക്കൾ | വാഴയിലയിൽ പൊതിഞ്ഞ് വരുന്ന ഭക്ഷണ പദാർത്ഥങ്ങൾ |
| സ്ഥാനാർത്ഥിയെ സ്വീകരിക്കാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഹാരങ്ങൾ, പ്ലാസ്റ്റിക് ബൊക്കെ | പൂക്കളിലുള്ള ഹാരങ്ങൾ, പുസ്തകങ്ങൾ, കുടുംബശ്രീ ബഡ്സ് സ്കൂൾ ഉല്പന്നങ്ങൾ, പുനരുപയോഗ സാധ്യമായ ഉൽപ്പന്നങ്ങൾ |
| മാലിന്യം കൂട്ടിക്കലർത്തൽ | ജൈവ-അജൈവ മാലിന്യം തരംതിരിച്ച് നിക്ഷേപിക്കുന്നതിന് ബിന്നുകൾ സ്ഥാപിക്കൽ, ബിന്നുകൾ യഥാസമയം കാലിയാക്കൽ. |

**"ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ എന്റെ നിയോജക മണ്ഡലത്തിലെ ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കും"**

## മാർഗനിർദ്ദേശങ്ങൾക്ക് ആരെ സമീപിക്കാം?



മാർഗനിർദേശങ്ങൾക്കായി ശുചിത്വമിഷന്റെ ജില്ലാ കോർഡിനേറ്റർമാരുടെ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

## ജില്ലാ ശുചിത്വ മിഷനുകളുടെ നമ്പരുകൾ

| ജില്ല | ജില്ലാ കോർഡിനേറ്ററുടെ പേര് | മൊബൈൽ നമ്പർ | ഓഫീസ് നമ്പർ & ഇമെയിൽ അഡ്രസ് |
|---|---|---|---|
| Thiruvananthapuram | Arunraj P.N. | 8281418291 | 0471 - 2730643 tsctrivandrum@yahoo.co.in |
| Kollam | Anilkumar K. | 81299 27418 | 0474 - 2791910 tscklm@gmail.com |
| Pathanamthitta | Nifih S. Haq | 9446769947 | 0468 - 2322014 pta.sm@kerala.gov.in |
| Alappuzha | Shins D. | 9447015607 | 0477 - 2253020 tscalappuzha@gmail.com |
| Kottayam | Lekshmi Prasad | 9526809126 | 0481 - 2573606 dsmktym2018@gmail.com |
| Idukki | Bhagyaraj K.R. | 9391392193 | 0486 - 2232295 misdsmidk@gmail.com |
| Ernakulam | Dr Sheethal G. Mohan, KAS | 70128 75375 | 0484 - 2428701 tscekm@gmail.com |
| Thrissur | Dr Sheethal G. Mohan, KAS | 70128 75375 | 0487 - 2360154 tsctsrker@gmail.com |
| Palakkad | Varun G. | 88483 13971 | 0491 - 2505710 dsmmlpm@gmail.com |
| Malappuram | Athira A. | 94963 63936 | 0483 - 2738001 tscpkd@gmail.com |
| Kozhikodu | Rakesh E.T., KAS | 9496341451 | 0495 - 2370677 sbmkzk1@gmail.com |
| Wayanad | Harshan S. | 9495568408 | 0493 - 6203223 nbawayanad@gmail.com |
| Kannur | Sunil Kumar K.M. | 9400400955 | 0497 - 2700078 sbmkannur@gmail.com |
| Kasargod | Jayan P. | 8848575364 | 04994 - 255350 tsckasaragod@gmail.com |



# മുഖ്യതിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം, കേരളം

നം. ഇ.എൽ.4/209/2025-ഇലക്ഷൻ ഇലക്ഷൻ (ജനറൽ) വകുപ്പ്

തിരുവനന്തപുരം, തീയതി: 20-02-2026

<u>സർക്കുലർ</u>

വിഷയം:- ഇലക്ഷൻ വകുപ്പ് - കേരള നിയമസഭ പൊതുതിരഞ്ഞെടുപ്പ്, 2026 - പരിസ്ഥിതി സൗഹൃദ തിരഞ്ഞെടുപ്പ് നടത്തിപ്പ് - മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- (1) 17.12.2019-ലെ സ.ഉ.(കൈ) നം. 7/2019/ENVT

(2) 17.03.2023-ലെ സ.ഉ.(സാധാ) നം. 639/2023/LSGD

(3) 03.05.2023-ലെ സ.ഉ.(സാധാ) നം. 966/2023/LSGD

(4) 05.06.2023-ലെ സ.ഉ.(സാധാ) നം. 1166/2023/LSGD

2026-ലെ ആസന്നമായ സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹൃദ തിരഞ്ഞെടുപ്പായി നടത്തുന്നതിന്റെ ഭാഗമായി ഹരിത പരിപാലന ചട്ടം വിജയകരമായി നടപ്പാക്കേണ്ടതുണ്ട്. മനുഷ്യനും പരിസ്ഥിതിയ്ക്കും ആപൽക്കരമായ പ്ലാസ്റ്റിക്, പി.വി.സി., ഡിസ്പോസിബിൾ വസ്തുക്കൾ മുതലായവ പരമാവധി ഒഴിവാക്കി പുനരുപയോഗിക്കുവാൻ കഴിയുന്നതും, പുനഃചംക്രമണത്തിനു വിധേയമാക്കുവാൻ സാധിക്കുന്നതുമായ പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് 2026-ലെ നിയമസഭാ തിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹാർദ്ദമായി നടത്തേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതി വിവിധ റിട്ട് പെറ്റീഷനുകളിലായി പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ,

കേരള സംസ്ഥാന സർക്കാർ വകുപ്പുകൾ വിവിധ ഉത്തരവുകളും സർക്കുലറുകളും മുഖേന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യമുക്ത കേരളം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സൂചന (2), (3), (4) എന്നീ ഉത്തരവുകളെയും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (PCB) പുറപ്പെടുവിച്ചിട്ടുള്ള സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറിനെയും (SOP) മുൻനിർത്തി, തിരഞ്ഞെടുപ്പിൽ ശാസ്ത്രീയ മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിനും, മാലിന്യത്തിന്റെ തോത് കുറച്ച് കൊണ്ടുള്ള മാതൃക സൃഷ്ടിക്കുന്നതിനും ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വിവിധ സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിക്കുന്ന ബോർഡുകൾ, ബാനറുകൾ, ഹോർഡിംഗുകൾ, പോസ്റ്ററുകൾ, കമാനങ്ങൾ, ചുവരെഴുത്തുകൾ, സ്റ്റിക്കറുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിന് പി.വി.സി. ഫ്ലക്സ്, പോളിസ്റ്റർ, നൈലോൺ, കൊറിയൻ ക്ലോത്ത്, പ്ലാസ്റ്റിക് കോട്ടിംഗ് ഉള്ള തുണി, പോളിസ്റ്റർ കൊണ്ടുള്ള തുണി തുടങ്ങി പ്ലാസ്റ്റിക്കിന്റെ അംശമോ പ്ലാസ്റ്റിക് കോട്ടിങ്ങോ ഉള്ള പുനഃചംക്രമണം സാധ്യമല്ലാത്ത എല്ലാത്തരം സാമഗ്രികളുടെയും ഉപയോഗം ഒഴിവാക്കേണ്ടതാണ്. പകരം മുൻകാല ബഹു. കേരള ഹൈക്കോടതി ഉത്തരവുകളുടെയും അതിനെത്തുടർന്നുള്ള സർക്കാർ ഉത്തരവുകളിലെ നിബന്ധനകളും പാലിച്ചുകൊണ്ട് മലിനീകരണ നിയന്ത്രണ ബോർഡ് സർട്ടിഫൈ ചെയ്ത റീസൈക്കിൾ ചെയ്യാവുന്ന പോളിഎത്തലീൻ, 100% കോട്ടൺ എന്നിവയിൽ പി.വി.സി. ഫ്രീ, റീസൈക്ലബിൾ ലോഗോ, പ്രിന്റിംഗ് യൂണിറ്റിന്റെ പേര്, നമ്പർ, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് നമ്പർ/QR കോഡ് എന്നിവ പതിച്ചുകൊണ്ടുള്ള ബാനറുകൾ മാത്രം ഉപയോഗിക്കേണ്ടതും പ്രചാരണത്തിനും അലങ്കാരത്തിനുമായി ഉപയോഗിക്കുന്ന കൊടിതോരണങ്ങൾ പൂർണ്ണമായും പ്ലാസ്റ്റിക് വിമുക്തമാക്കേണ്ടതുമാണ്.

മേൽ വ്യവസ്ഥകൾക്ക് അനുസൃതമായല്ലാതെ സ്ഥാപിക്കപ്പെടുന്ന

കമാനങ്ങൾ, പരസ്യ ബോർഡുകൾ, മറ്റ് പ്രചാരണ സാമഗ്രികൾ എന്നിവ നീക്കം ചെയ്യേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടെയും ഫീൽഡ് സ്റ്റാഫിന്റെയും ഉത്തരവാദിത്തമായിരിക്കുന്നതും അത്തരത്തിൽ കമാനങ്ങളും പരസ്യ ബോർഡുകളും നീക്കം ചെയ്യേണ്ടി വരുന്ന പക്ഷം ആയതിനുണ്ടാകുന്ന ചെലവ് ഈടാക്കുന്നതിലേയ്ക്കായി പ്രസ്തുത പ്രചാരണ സാമഗ്രികൾ സ്ഥാപിച്ചവർക്കെതിരെ കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്ത് രാജ് ആക്ട് എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകളും ചട്ടങ്ങളും പ്രകാരം പിഴ ചുമത്തേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേതായിരിക്കും.

2. തിരഞ്ഞെടുപ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാവിധ ഔദ്യോഗിക ആവശ്യങ്ങൾക്കും പരിസ്ഥിതി സൗഹൃദവും പുനഃചംക്രമണം ചെയ്യാൻ കഴിയുന്നതുമായ വസ്തുക്കൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂവെന്ന് ജില്ലാ കളക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

3. തിരഞ്ഞെടുപ്പ് പ്രചാരണം, കൺവെൻഷനുകൾ, റോഡ് ഷോകൾ, യോഗങ്ങൾ, റാലികൾ, സമ്മേളനങ്ങൾ എന്നിവയിലെല്ലാം തന്നെ സൂചന (1) ഉത്തരവ് പ്രകാരം നിരോധനം ഏർപ്പെടുത്തിയിട്ടുള്ള എല്ലാത്തരം പ്ലാസ്റ്റിക്, ഡിസ്പോസബിൾ വസ്തുക്കളുടെയും ഉപയോഗം ഒഴിവാക്കിക്കൊണ്ട് മാലിന്യം രൂപപ്പെടുന്നതിനുള്ള സാഹചര്യം ഒഴിവാക്കാൻ രാഷ്ട്രീയ പാർട്ടികൾ ശ്രദ്ധിക്കേണ്ടതാണ്.

4. പ്രചാരണ പരിപാടികളിൽ ശബ്ദ മലിനീകരണം ഒഴിവാക്കുന്നതിനായി നിയമവിധേയമായ തരത്തിൽ മാത്രം ലൗഡ് സ്പീക്കർ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവ ഉപയോഗിക്കാൻ രാഷ്ട്രീയ പാർട്ടികൾ ശ്രദ്ധിക്കേണ്ടതും ആയത് ബന്ധപ്പെട്ട ജില്ലാ മജിസ്ട്രേറ്റ്/ജില്ലാ പോലീസ് മേധാവി ഉറപ്പുവരുത്തേണ്ടതുമാണ്.

5. പോളിംഗ് ഉദ്യോഗസ്ഥർ, ഏജന്റുമാർ എന്നിവർ തിരഞ്ഞെടുപ്പ് വേളയിൽ പാലിക്കേണ്ട ഹരിത സൗഹൃദ നടപടികൾ സംബന്ധിച്ച ബോധവൽക്കരണത്തിനായി ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർമാർ നയിക്കുന്ന ഒരു മണിക്കൂറിൽ കുറയാത്ത ഗ്രീൻ പ്രോട്ടോക്കോൾ സെഷൻ, തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികളിൽ ജില്ലാ കളക്ടർമാർ ഉറപ്പവരുത്തേണ്ടതാണ്.

6. പോളിംഗ് സ്റ്റേഷനുകൾ/പോളിംഗ് സാമഗ്രികൾ വിതരണം ചെയ്യുന്ന സെന്ററുകൾ/വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ തരംതിരിച്ച് സംഭരിക്കുന്നതിനുള്ള സംവിധാനം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരുക്കേണ്ടതും, ആയത് പോളിംഗ് സ്റ്റേഷനുകൾ ഡിസ്ട്രിബ്യൂഷൻ സെന്ററുകൾ/ വോട്ടണ്ണൽ കേന്ദ്രങ്ങൾ സജ്ജീകരിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതുമാണ്.

7. ഇത്തരത്തിൽ സംഭരിച്ച മാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഹരിതകർമ്മസേന, സർക്കാർ/ശുചിത്വമിഷൻ അംഗീകൃത ഏജൻസികൾക്ക് കൈമാറേണ്ടതാണ്. ആയത് പോളിംഗ് സ്റ്റേഷനുകൾ, ഡിസ്ട്രിബ്യൂഷൻ സെന്ററുകൾ/ വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജീകരിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ഉറപ്പവരുത്തേണ്ടതാണ്.

8. പോളിംഗ് സ്റ്റേഷനുകൾ/പോളിംഗ് സാമഗ്രികൾ വിതരണം ചെയ്യുന്ന സെന്ററുകൾ/വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പോളിംഗ് സ്റ്റേഷനുകളുടെ എണ്ണത്തിനനുസരിച്ച് ഹരിതകർമ്മസേന, സർക്കാർ/ശുചിത്വമിഷൻ അംഗീകൃത ഏജൻസികൾ എന്നിവരെ ചുമതലപ്പെടുത്തി തദ്ദേശ സ്ഥാപന സെക്രട്ടറി/ചുമതലയുള്ള ഉദ്യോഗസ്ഥൻ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, ആയതിന്റെ പകർപ്പ് പോളിംഗ് സ്റ്റേഷനുകൾ/ഡിസ്ട്രിബ്യൂഷൻ

സെന്ററുകൾ/വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജീകരിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കേണ്ടതുമാണ്.

9. തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി രാഷ്ട്രീയ പാർട്ടികൾ സ്ഥാപിക്കുന്ന താൽക്കാലിക തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസുകളിൽ/പ്രചാരണ ബൂത്തുകളിൽ പരിസ്ഥിതി സൗഹൃദവും പുനഃചംക്രമണം ചെയ്യാൻ കഴിയുന്നതുമായ വസ്തുക്കൾ മാത്രം ഉപയോഗിക്കേണ്ടതാണ്. ഇത്തരം തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസുകളിൽ/ പ്രചാരണ ബൂത്തുകളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ തരംതിരിച്ച് ഹരിതകർമ്മസേന, സർക്കാർ/ശുചിത്വമിഷൻ അംഗീകൃത ഏജൻസികൾക്ക് യൂസർ ഫീ സഹിതം രാഷ്ട്രീയ പാർട്ടികൾ കൈമാറേണ്ടതാണ്.

10. പോളിംഗ് സ്റ്റേഷനുകൾ/പോളിംഗ് സാമഗ്രികൾ വിതരണം ചെയ്യുന്ന സെന്ററുകൾ/വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫ്./ആർ.ആർ.എഫ്.-ൽ എത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ പ്ലാൻ മുൻകൂട്ടി തയ്യാറാക്കി വാഹന സൗകര്യം ഉൾപ്പെടെ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി/ ചുമതലയുള്ള ഉദ്യോഗസ്ഥൻ ഏർപ്പെടുത്തേണ്ടതാണ്.

11. പോളിംഗ് സ്റ്റേഷനുകൾ/പോളിംഗ് സാമഗ്രികൾ വിതരണം ചെയ്യുന്ന സെന്ററുകൾ/വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ യഥാസമയം എം.സി.എഫ്./ആർ.ആർ.എഫ്.-ൽ നീക്കം ചെയ്തിട്ടുണ്ടെന്നുള്ള റിപ്പോർട്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി/ചുമതലയുള്ള ഉദ്യോഗസ്ഥൻ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ, ബന്ധപ്പെട്ട വരണാധികാരി, ഉപവരണാധികാരി എന്നിവർക്ക് ലഭ്യമാക്കേണ്ടതാണ്.

12. മേൽ പ്രതിപാദിച്ച നിർദ്ദേശങ്ങൾ സമയബന്ധിതമായി പാലിക്കുന്നുണ്ടെന്നു മോണിറ്റർ ചെയ്യുന്നതിന് തിരഞ്ഞെടുപ്പ് ജോലികൾക്ക്

നിയോഗിക്കപ്പെടാത്ത സൂപ്പർവൈസറി കേഡറിലുള്ള ഉദ്യോഗസ്ഥനെ തദ്ദേശസ്വയംഭരണ സെക്രട്ടറി/ചുമതലയുള്ള ഉദ്യോഗസ്ഥൻ നിയോഗിക്കേണ്ടതാണ്.

13. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാലിന്യ നീക്കത്തിന് നിയോഗിക്കപ്പെടുന്ന താത്കാലിക ജീവനക്കാർ/ഹരിതകർമ്മ സേനാംഗങ്ങൾ എന്നിവർക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള ദിവസ വേതനം നൽകുന്നുണ്ടെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

14. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാലിന്യം നീക്കം ചെയ്യൽ, സംസ്കരണം എന്നിവയ്ക്കുള്ള ചെലവ്, തിരഞ്ഞെടുപ്പ് നടത്തിപ്പ് ചെലവിൽ ഉൾപ്പെടുത്തി ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ നിർവ്വഹിക്കേണ്ടതാണ്.

15. വിവിധ തിരഞ്ഞെടുപ്പ് സ്ക്വാഡുകൾ പിടിച്ചെടുക്കുന്ന ബോർഡുകൾ, കൊടി തോരണങ്ങൾ, ബാനറുകൾ, പോസ്റ്ററുകൾ തുടങ്ങിയവ ബന്ധപ്പെട്ട തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ അറിയിക്കുന്ന മുറയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവ തരം തിരിച്ച് സംസ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

16. പൊതു തിരഞ്ഞെടുപ്പ കാലയളവിൽ ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതു സംബന്ധിച്ച നോഡൽ ഓഫീസർ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആയിരിക്കും.

17. വിവിധ വകുപ്പുകൾ, സർക്കാർ ഏജൻസികൾ എന്നിവയുടെ ഏകോപനം ഉണ്ടാകുന്നുവെന്നും 2026-ലെ നിയമസഭ പൊതുതിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹാർദ്ദമായി നടപ്പിലാക്കുന്നുവെന്നും അതത് ജില്ലാ കളക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്.

18. ഈ വിഷയത്തിൽ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകളും ബഹു.

കോടതി പുറപ്പെടുവിക്കുന്ന ഉത്തരവുകളും സർക്കാരിന്റെയും ചീഫ് ഇലക്ടറൽ ഓഫീസറുടെയും മാർഗ്ഗനിർദ്ദേശങ്ങളും, എല്ലാ സ്ഥാനാർത്ഥികളും വ്യക്തികളും രാഷ്ട്രീയ കക്ഷികളും പാലിക്കേണ്ടതാണ്.

ഡോ.രത്തൻ യു കേൽകർ ഐ എ എസ്
CHIEF ELECTORAL OFFICER & SECRETARY

ഉത്തരവിൻ പ്രകാരം
Signed by
Shivlal R V
Date: 20-02-2026 15:25:07

സെക്ഷൻ ഓഫീസർ.

പകർപ്പ്

എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും.
സംസ്ഥാന പോലീസ് മേധാവി.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
സ്പെഷ്യൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (അർബൻ)/(റൂറൽ)
ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്
എല്ലാ ജില്ലാ ഇലക്ഷൻ ഓഫീസർമാർക്കും
എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും
എല്ലാ വരണാധികാരികൾക്കും/ഉപവരണാധികാരികൾക്കും/എല്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ് (വെബ് & ന്യൂ മീഡിയ)
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കും
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
കരുതൽ ഫയൽ (ഇ.എൽ.4/209/2025-ഇലക്ഷൻ).

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം-WM3/4/2026-LSGD
തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 17-03-2026

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന നിയമസഭാ പൊതു തിരഞ്ഞെടുപ്പ് 2026 - പരിസ്ഥിതി സൗഹൃദ തിരഞ്ഞെടുപ്പ് നടത്തിപ്പ് - മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 1) മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ 20-02-2026-ലെ ഇ.എൽ4/209/2025-ഇലക്ഷൻ നം. സർക്കുലർ.
2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12-03-2026 ലെ SM/32/2026-E2 SSM നമ്പർ കത്ത്.

2026-ലെ സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹൃദമായും ഹരിത ചട്ടം പാലിച്ചുകൊണ്ടും നടത്തുന്നതിന് സൂചന (1) പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിരുന്നു. തിരഞ്ഞെടുപ്പ് പ്രചാരണം മുതൽ തിരഞ്ഞെടുപ്പിന് ശേഷമുള്ള ശുചീകരണം വരെയുള്ള പ്രവർത്തനങ്ങൾ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ മേൽനോട്ടത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ശുചിത്വ മിഷന്റെയും നേതൃത്വത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും അനുബന്ധ ഏജൻസികളായ ക്ലീൻ കേരള കമ്പനി, കുടുംബശ്രീ മിഷൻ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ഹരിതകേരളം മിഷൻ, കെ.എസ്.ഡബ്ല്യു.എം.പി എന്നിവരുടെ പങ്കാളിത്തത്തോടെ ഏകോപിപ്പിച്ച് തിരഞ്ഞെടുപ്പ് പ്രക്രിയയുടെ എല്ലാ ഘട്ടങ്ങളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആയതിന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ചുവടെക്കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

**1. ജില്ലാ കളക്ടർമാർക്കുള്ള പിന്തുണയും ഏകോപനവും**

തിരഞ്ഞെടുപ്പ് പ്രക്രിയിൽ പൂർണ്ണമായി ഹരിതചട്ടം ഉറപ്പാക്കാനും ഈ കാലയളവിൽ ജില്ലയിലെ മാലിന്യ പരിപാലനം വീഴ്ച കൂടാതെ നടക്കുമെന്ന് ഉറപ്പാക്കാനും ജില്ലാ കളക്ടർമാർക്കാണ് ചുമതല നൽകിയിരിക്കുന്നത്. ഇതിലേക്ക് ആവശ്യമായ സേവനം ഉറപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിലെ ജില്ലാ ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ (WM), ശുചിത്വമിഷൻ ജില്ലാ

കോ-ഓർഡിനേറ്റർ, ഹരിതകേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, മാലിന്യ മുക്തം നവകേരളം ജില്ലാ കോ-കോർഡിനേറ്റർ, ക്ലീൻ കേരള കമ്പനി ജില്ലാ മാനേജർ എന്നിവർ ഉൾക്കൊള്ളുന്ന ടീം ഹരിതചട്ട സെൽ എന്ന രീതിയിൽ ജില്ലാ കളക്ടറുടെ പിന്തുണാ സംവിധാനമായി പ്രവർത്തിക്കേണ്ടതാണ്. ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്റർമാർ ഗ്രീൻ പ്രോട്ടോകോൾ ജില്ലാ നോഡൽ ഓഫീസർ ആയി പ്രവർത്തിക്കേണ്ടതും രാഷ്ട്രീയ പാർട്ടികൾ, സംഘടനകൾ, പ്രിന്റർമാർ, പ്രിന്റിംഗ് മെറ്റീരിയൽ ഡീലർമാർ, തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ എന്നിവരുടെ യോഗം ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ വിളിച്ച് ചേർത്ത് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്.

**2. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കലും സ്ക്വാഡുകളുടെ രൂപീകരണവും**

മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നിർദ്ദേശങ്ങൾ പ്രകാരം ഹരിതചട്ട നിബന്ധനകൾ പാലിക്കാതിരിക്കുന്നവർക്ക് എതിരെയും, പ്രചാരണം, അലങ്കാരം സ്ഥാനാർത്ഥി സ്വീകരണം തുടങ്ങിയവയ്ക്കായി നിരോധിത വസ്തുക്കൾ ഉപയോഗിക്കുന്ന സംഘടനകൾക്കും സ്ഥാനാർത്ഥികൾക്കുമെതിരേയും കർശന നിയമനടപടി സ്വീകരിക്കേണ്ടതാണ്.

- നിരോധിത വസ്തുക്കൾ പ്രചാരണത്തിന് ഉപയോഗിക്കുന്നത് തടയുന്നതിനായി തദ്ദേശ സ്ഥാപന തലത്തിൽ ഹരിത ചട്ട എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിക്കേണ്ടതാണ്.

- **'സിംഗിൾ വാട്സപ്പ് നമ്പർ'** ഹരിത ചട്ട ലംഘനം റിപ്പോർട്ട് ചെയ്യുന്നതിന് ഉപയോഗിക്കാമെന്നത് പൊതുജന ശ്രദ്ധയിൽ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

- ഹരിത ചട്ട എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം തദ്ദേശ സ്ഥാപന സെക്രട്ടറി മോണിറ്റർ ചെയ്യേണ്ടതും സ്ക്വാഡുകൾ പിടിച്ചെടുക്കുന്ന നിരോധിത വസ്തുക്കൾ, നിയമവിരുദ്ധമായി സ്ഥാപിച്ച ബോർഡുകൾ/ബാനറുകൾ തുടങ്ങിയ വസ്തുക്കൾ എന്നിവ താൽക്കാലികമായി സംഭരിക്കുന്നതിന് MCF / പ്രത്യേക സ്റ്റോറേജ് സംവിധാനം ഉറപ്പാക്കേണ്ടതുമാണ്.

- ജില്ലാതല ഹരിത ചട്ട എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ എന്നിവർ ഏകോപിപ്പിക്കേണ്ടതാണ്.

- നിരോധിത ഫ്ലെക്സ് ഉൽപ്പന്നങ്ങളും, ഡിസ്പോസബിൾ ഉൽപ്പന്നങ്ങളും സംസ്ഥാന അതിർത്തി കടന്ന് വരുന്നത് തടയുന്നതിന് സംസ്ഥാനത്തെ എല്ലാ ചെക്പോസ്റ്റുകളിലും, പോലീസ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ശുചിത്വ മിഷൻ, അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ തുടങ്ങിയവരുടെ സംയുക്ത നേതൃത്വത്തിൽ കർശന പരിശോധന ഉറപ്പാക്കേണ്ടതാണ്. ആയത് ജില്ലാ ജോയിന്റ് ഡയറക്ടർമാർ

ഏകോപിപ്പിക്കേണ്ടതും, അവലോകനം ചെയ്യേണ്ടതും, പ്രിൻസിപ്പൽ ഡയറക്ടർമാർ മുഖാന്തിരം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

- മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സൂചന പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന ഹരിത ചട്ട നിബന്ധനകൾ തദ്ദേശ സ്ഥാപന തലത്തിൽ രാഷ്ട്രീയ പാർട്ടി നേതാക്കളുടെ യോഗം വിളിച്ച് വിശദീകരിച്ച് നൽകേണ്ടതാണ്. പ്രചാരണം, അലങ്കാരം, സ്വീകരണങ്ങൾ എന്നിവയ്ക്കായി ഉപയോഗിക്കാവുന്ന വസ്തുക്കൾ, ഭക്ഷണ-കുടിവെള്ള വിതരണത്തിൽ പാലിക്കേണ്ട ഹരിതചട്ട വ്യവസ്ഥകൾ, റാലികളും സമ്മേളനങ്ങളും നടക്കുന്നിടങ്ങൾ വൃത്തിയാക്കൽ, ഇവിടങ്ങളിൽ ഉണ്ടാകാവുന്ന പാഴ് വസ്തുക്കൾ സമാഹരിച്ച് ഹരിത കർമ്മസേനയ്ക്ക് യൂസർഫീസ് നൽകി കൈയൊഴിയൽ, തുടങ്ങി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് വ്യക്തമായ അവബോധം നൽകേണ്ടതാണ്.

- മാലിന്യ പരിപാലനത്തിൽ സ്ഥാനാർത്ഥികൾ/ രാഷ്ട്രീയ പാർട്ടികൾ/ സംഘടനകൾ തുടങ്ങിയവർ വീഴ്ച വരുത്തുന്ന പക്ഷം ആയതിനുള്ള ചിലവ് ഈടാക്കുന്നതിലേക്കായി നിയമലംഘകർക്കെതിരെ കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്ത് രാജ് ആക്ട് എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകളും ചട്ടങ്ങളും പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് പിഴ ചുമത്താവുന്നതാണ്. സ്ഥാനാർത്ഥികളുടെയും രാഷ്ട്രീയ പാർട്ടി നേതാക്കളുടെയും യോഗത്തിൽ ജില്ലാ കളക്ടർമാർ ഇക്കാര്യം വ്യക്തമാക്കേണ്ടതാണ്.

3. **പരിശീലന കേന്ദ്രങ്ങൾ, പോളിംഗ് ബൂത്ത്, വിതരണ കേന്ദ്രം, കൗണ്ടിംഗ് സ്റ്റേഷൻ എന്നിവിടങ്ങളിൽ ഹരിതചട്ടം പാലിക്കുന്നത് സംബന്ധിച്ച നടപടികൾ**

- ഇലക്ഷന്റെ ഭാഗമായുള്ള ഉദ്യോഗസ്ഥർക്കുള്ള പരിശീലനങ്ങൾ, പോളിംഗ് സാമഗ്രികളുടെ വിതരണ - സംഭരണ കേന്ദ്രങ്ങൾ, കൗണ്ടിംഗ് സ്റ്റേഷൻ തുടങ്ങി ഇലക്ഷൻ നടപടിക്രമങ്ങൾ നടക്കുന്നിടങ്ങളിൽ കർശനമായി ഹരിതചട്ടം പാലിക്കണമെന്ന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നിർദ്ദേശം പാലിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

- ഇവിടങ്ങളിൽ ഉണ്ടാകുന്ന പാഴ് വസ്തുക്കൾ തരം തിരിച്ച് സംഭരിക്കുന്നതിനുള്ള ബിന്നുകളും, പാഴ് വസ്തുക്കൾ യഥാസമയം നീക്കം ചെയ്യുന്നതിന് ആവശ്യമായ ഹരിത കർമ്മസേനയുടെ സേവനവും അതാത് തദ്ദേശസ്ഥാപന സെക്രട്ടറിമാരും അതാത് കേന്ദ്രങ്ങളുടെ ചുമതലയുള്ള ഉദ്യോഗസ്ഥരും ഉറപ്പാക്കണം.

4. **ഭക്ഷണത്തിനായി ഗ്രീൻ പാക്കിംഗ് ഉറപ്പാക്കുക**

പോളിംഗ് ഉദ്യോഗസ്ഥർക്കും, പോലീസ് ഉദ്യോഗസ്ഥർക്കും, ഏജന്റുമാർക്കും ഭക്ഷണത്തിന് പ്ലാസ്റ്റിക് പാഴ്സലുകൾ പൂർണ്ണമായും ഒഴിവാക്കി പകരം കുടുംബശ്രീ കാറ്ററിംഗ് യൂണിറ്റുകൾ മുഖേന വാഴയിലയിലോ

പുനരുപയോഗിക്കാവുന്ന പാത്രങ്ങളിലോ മാത്രം ഭക്ഷണം ലഭ്യമാക്കേണ്ടതാണ്. ഇതിനായുള്ള ക്രമീകരണം കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഒരുക്കേണ്ടതാണ്.

5. **ശുചീകരണ പ്രവർത്തനങ്ങളുടെ ചെലവ് തദ്ദേശ സ്ഥാപനം ഈടാക്കൽ - ഹരിത കർമ്മസേനയുടെ സേവനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ**

വോട്ടെടുപ്പ് അവസാനിച്ചാൽ ഉടൻ സ്ഥാനാർത്ഥികളും രാഷ്ട്രീയ കക്ഷികളും പ്രചരണ സാമഗ്രികൾ ശേഖരിച്ച് ഹരിതകർമ്മസേനയ്ക്ക് യൂസർഫീ സഹിതം കൈമാറേണ്ടതുണ്ട്. ഇപ്രകാരം നീക്കം ചെയ്യുന്നില്ലെങ്കിൽ വോട്ടെടുപ്പ് അവസാനിച്ച് അഞ്ചു ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി പ്രസ്തുത സാമഗ്രികൾ നീക്കം ചെയ്യുകയും പുനഃചംക്രമണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി / മറ്റ് സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവർക്ക് കൈമാറുകയും, ഇതിന്റെ ചെലവ് പ്രസ്തുത സാമഗ്രികളുടെ ഉണഭോക്താവായ സ്ഥാനാർത്ഥിയിൽ നിന്നും ഈടാക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

- കൂടാതെ പരിശീലന കേന്ദ്രങ്ങൾ, ഇലക്ഷൻ സാമഗ്രി വിതരണ-സംഭരണ കേന്ദ്രങ്ങൾ, പോളിംഗ് ബൂത്ത്, കൗണ്ടിംഗ് സ്റ്റേഷൻ തുടങ്ങിയ ഇടങ്ങളിൽ മാലിന്യ പരിപാലനത്തിനായി ഹരിതകർമ്മസേനയുടെ സേവനം ഉറപ്പ് വരുത്തേണ്ടതാണ്.

- ഓരോ സ്ഥലത്തേയും വോട്ടർമാരുടെ പങ്കാളിത്തം, ഉണ്ടാകാവുന്ന മാലിന്യത്തിന്റെ അളവ് എന്നിവ കണക്കാക്കി ആവശ്യമായ ഹരിത കർമ്മ സേനയെ നിയോഗിക്കാം. ഇങ്ങനെ നിയോഗിക്കുന്ന ഒരു ഹരിതകർമ്മ സേനാംഗത്തിന് പ്രതിദിനം 710/- രൂപാ നിരക്കിൽ തെരഞ്ഞെടുപ്പ് ചെലവുകൾക്ക് അനുവദിക്കുന്ന ഫണ്ടിൽ നിന്നും ഇല്ലെങ്കിൽ തദ്ദേശ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും വേതനം നൽകേണ്ടതാണ്. ഇത് ഇലക്ഷൻ കഴിഞ്ഞ് അഞ്ച് പ്രവർത്തി ദിവസത്തിനുള്ളിൽ തന്നെ നൽകിയെന്ന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിമാർ ഉറപ്പ് വരുത്തേണ്ടതാണ്.

6. **മറ്റ് നിർദ്ദേശങ്ങൾ**

- സംസ്ഥാനത്ത് പ്രിന്റിംഗ് മെറ്റീരിയൽ വിതരണം ചെയ്യുന്ന ഹോൾസെയിൽ ഡീലേഴ്സിനും, പ്രിന്റർമാർക്കും, പ്രിന്റിംഗിന് ഉപയോഗിക്കേണ്ട മെറ്റീരിയൽ സ്പെസിഫിക്കേഷൻ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും മുൻകൂട്ടി നൽകേണ്ടതും നിരോധിത വസ്തുക്കൾ ഉപയോഗിച്ച് പോസ്റ്റർ, ബാനർ, ബോർഡുകൾ, മറ്റു പ്രചാരണ ഉപാധികൾ എന്നിവ തയ്യാറാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി ഉറപ്പ് വരുത്തേണ്ടതുമാണ്.

- മറ്റ് സംസ്ഥാനങ്ങളിൽ നിന്നും നിരോധിത ഉൽപ്പന്നങ്ങൾ എത്തുന്നത് തടയുന്നതിന് സംസ്ഥാന അതിർത്തികളിൽ നിയോഗിച്ചിട്ടുള്ള തിരഞ്ഞെടുപ്പ് സ്ക്വാഡുകൾക്ക് ശുചിത്വ മിഷൻ

മുഖേന ആവശ്യമായ അവബോധവും നിർദ്ദേശവും നൽകേണ്ടതാണ്.

- മിനി എം.സി.എഫ്, ബോട്ടിൽ ബൂത്തുകൾ, എം.സി.എഫ്, ആർ.ആർ.എഫ് തുടങ്ങിയ സംഭരണ കേന്ദ്രങ്ങളിൽ നിലവിലുള്ള പാഴ് വസ്തുക്കൾ അടിയന്തരമായി നീക്കം ചെയ്ത് ഇവയുടെ സംഭരണ ശേഷി ഉറപ്പാക്കാൻ തദ്ദേശ സ്ഥാപന സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ക്ലീൻ കേരള കമ്പനി ആയതിന് മേൽനോട്ടം വഹിക്കേണ്ടതാണ്.

- രാഷ്ട്രീയ പാർട്ടികളുടെ തിരഞ്ഞെടുപ്പ് ഓഫീസുകളിൽ ഹരിതചട്ടപാലനം ഉറപ്പാക്കേണ്ടതാണ്. ഇവിടങ്ങളിലുണ്ടാകുന്ന മാലിന്യം നീക്കം ചെയ്യുന്നതിനും ഹരിത കർമ്മസേനയുടെ സേവനം ലഭ്യമാക്കേണ്ടതും, ആയതിനുള്ള യൂസർ ഫീസ് തിരഞ്ഞെടുപ്പ് ഓഫീസുകളുടെ ചുമതലയുള്ളവരിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

- തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലനിൽക്കുന്ന കാലയളവിൽ തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ സ്വാഭാവികമായി നടക്കേണ്ട മറ്റ് മാലിന്യ പരിപാലന പ്രവർത്തനങ്ങൾ എല്ലാം തന്നെ വീഴ്ച കൂടാതെ നടത്താൻ ആവശ്യമായ എല്ലാ മുന്നൊരുക്കങ്ങളും ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ടെന്ന് എല്ലാ തദ്ദേശ സ്ഥാപന സെക്രട്ടറിമാരും ഉറപ്പ് വരുത്തേണ്ടതാണ്.

**********************

അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Vinod Kumar. V
Date: 17-03-2026 10:49:50
സെക്ഷൻ ഓഫീസർ.

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ജില്ലാ കളക്ടർമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ , കെ എസ് ഡബ്ല്യൂ എം പി

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

ഡയറക്ടർ ജനറൽ , കില

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ(I&PRD), വെബ് & മീഡിയ

കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്

# 01.01.2020 മുതൽ സംസ്ഥാനത്തിനകത്ത് നിരോധിച്ച പ്ലാസ്റ്റിക് വസ്തുക്കൾ

1. പ്ലാസ്റ്റിക് ഗാർബേജ് ബാഗുകൾ (ബയോ മെഡിക്കൽ മാലിന്യശേഖരണത്തിന് ഉള്ളവ ഒഴികെ)
2. നോൺവുവൺ ബാഗുകൾ
   [WP(C)No.23089/2022, കേസിലെ ബഹു.ഹൈക്കോടതിയുടെ 10.01.2023 ലെ വിധിന്യായ പ്രകാരം 60 GSMനു താഴെ]
3. പ്ലാസ്റ്റിക് ക്യാരിബാഗുകൾ, ഫ്ളാഗുകൾ, തോരണങ്ങൾ, തൈ ബാഗുകൾ.
4. PET/PETE കുടിവെള്ള ബോട്ടിലുകൾ (500ml ന് താഴെയുള്ളവ).
5. പ്ലാസ്റ്റിക് കോട്ടിംഗ് ഉള്ള പേപ്പർ കപ്പുകൾ, പ്ലേറ്റുകൾ, ബൗളുകൾ, ബാഗുകൾ.
6. പ്ലാസ്റ്റിക് കോട്ടിങ്ങുള്ള പേപ്പർ ഇല.
7. പ്ലാസ്റ്റിക് പാക്കറ്റുകൾ (കടകളിലും വഴിയോര കച്ചവടത്തിനും ഉപയോഗിക്കുന്ന പ്ലാസ്റ്റിക് പാക്കറ്റുകൾ).
8. പ്ലാസ്റ്റിക് ഷീറ്റുകൾ (മേശവിരി), ഒറ്റത്തവണ ഉപയോഗിക്കുന്നവ.
9. പ്ലാസ്റ്റിക് വാട്ടർ പൗച്ചുകൾ, ബ്രാൻഡഡ് അല്ലാത്ത പ്ലാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾ.
10. തെർമോക്കോൾ, സൈറ്ററോഫോം പ്ലേറ്റുകൾ, കപ്പുകൾ, അലങ്കാര വസ്തുക്കൾ.
11. പി.വി.സി ഫ്ളക്സ്, പ്ലാസ്റ്റിക് കോട്ടിങ്ങുള്ള തുണി, നൈലോൺ, കൊറിയൻ തുണികൾ.
12. ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, സ്പൂണുകൾ, ഫോർക്കുകൾ, സ്ട്രോകൾ.
13. ഒറ്റത്തവണ ഉപയോഗിക്കാവുന്ന ബയോ ഡീഗ്രേഡബിൾ ഉല്പന്നങ്ങൾ, ഓക്സോ ബയോ ഡീഗ്രേഡബിൾ പ്ലാസ്റ്റിക്കുകൾ (കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റില്ലാത്തവ).

## കേന്ദ്രതലത്തിൽ 01.07.2022 മുതൽ അധികമായി നിരോധിച്ചവ

കോല്മിഠായി, ഇയർബഡ്സ്, ഐസ്ക്രീം, ബലൂൺ എന്നിവയുടെ പ്ലാസ്റ്റിക് പിടികൾ, മധുരപലഹാരങ്ങൾ, ക്ഷണക്കത്തുകൾ, സിഗരറ്റ് പാക്കറ്റുകൾ ഇവ പൊതിയുന്ന പ്ലാസ്റ്റിക് ഫിലിമുകൾ.

- മേൽപറഞ്ഞവ സംസ്ഥാനത്ത് പൂർണ്ണമായി നിരോധിച്ചിരിക്കുന്ന സാഹചര്യത്തിൽ അവയുടെ ഉല്പാദനവും വിതരണവും ഉപയോഗവും കർശനമായി നമ്മുടെ സംസ്ഥാനത്ത് തടയുന്നതും പിഴ ഈടാക്കുന്നതുമാണ്.
- മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന മേൽപറഞ്ഞ പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.
- ഒറ്റത്തവണ ഉപയോഗമുള്ള മേൽ പ്രസ്താവിച്ചിരിക്കുന്ന വസ്തുക്കൾ പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ അടുത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലോ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ/മേഖലാ ഓഫീസിലോ പരാതിപ്പെടാവുന്നതാണ്.
- മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ ചിത്രങ്ങൾ സഹിതം 9446700800 എന്ന നമ്പറിലേക്ക് വാട്ട്സ്ആപ്പ് ചെയ്യുക.
- ഈടാക്കുന്ന പിഴയുടെ 10 ശതമാനം പരാതിക്കാർക്ക് ലഭിക്കുന്നതാണ്

## "ഹരിത നിയമസഭാ തിരഞ്ഞെടുപ്പ് വിജയിപ്പിക്കാം, പ്രകൃതിയെ തോൽപ്പിക്കാതെ..."

ഹരിതചട്ടം പൂർണമായി പാലിക്കുക.




Printed and published by: **Suchitwa Mission, Local Self Government Department**
**Government of Kerala, Thiruvananthapuram.**
https://suchitwamission.org/ sanitationkerala@gmail.com